# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ നേപ്പാൾ സന്ദർശിക്കും (ജനുവരി 4-5, 2024)

ജനുവരി 03, 2024

ഇന്ത്യ-നേപ്പാൾ സംയുക്ത കമ്മീഷന്റെ ഏഴാമത് യോഗത്തിൽ പങ്കെടുക്കുന്നതിന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 ജനുവരി 4-5 തീയതികളിൽ നേപ്പാൾ സന്ദർശിക്കും. നേപ്പാൾ വിദേശകാര്യ മന്ത്രി ശ്രീ. എൻ.പി. സൗദിന്റെ ക്ഷണ പ്രകാരമാണിത്. നയതന്ത്ര പങ്കാളിത്തത്തിന്റെ എല്ലാ വശങ്ങളും അവലോകനം ചെയ്യുന്നതിന് ഇരു മന്ത്രിമാർക്കും അവസരമൊരുക്കുന്ന ഇന്ത്യ-നേപ്പാൾ സംയുക്ത കമ്മീഷൻ 1987-ൽ ആണ് നിലവിൽ വന്നത്.

2. സന്ദർശന വേളയിൽ, നേപ്പാൾ ഭരണ നേതൃത്വവുമായും പ്രമുഖ രാഷ്ട്രീയ നേതാക്കളുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും.

3. 'അയൽക്കാർ ആദ്യം' എന്ന നയം അനുസരിച്ച് ഇന്ത്യയുടെ ഒരു പ്രധാന പങ്കാളിയാണ് നേപ്പാൾ. രണ്ട് അടുത്ത, സുഹൃദ് രാജ്യങ്ങൾ തമ്മിലുള്ള പരമ്പരാഗതമായ ഉന്നത തല ഇടപെടലിന്റെ തുടർച്ചയാണ് സന്ദർശനം.

**ന്യൂഡൽഹി**
**ജനുവരി 03, 2024**